# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD16/1269/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD16/1269/22 തീയ്യതി: 07/07/2022

## പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2019 മുതൽ 23-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 25-04-2022 | 05-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-04-2022 | 05-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.യു.ബിജു ആന്റണി., ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.സി.ഹരിഗോബിന്ദ്., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.വി.രാജൻ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.എം.വി.ബീന., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.നന്ദവിലാസിനി. എൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| അജിത്ത് പ്രസാദ്.ടി.എൽ | സെക്രട്ടറി | 01-04-2019 | 16-07-2019 |
| ജമുന .പി.കെ. | സെക്രട്ടറി | 17-07-2019 | 07-08-2019 |
| ജി. തുളസീധരൻ | സെക്രട്ടറി | 08-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിഷ്ണു. വി.എസ്. | അസി.എഞ്ചിനീയർ | 01-04-2019 | 31-08-2019 |
| ആയിഷാബി.കെ | അസി.എഞ്ചിനീയർ | 01-09-2019 | 01-10-2019 |
| സുമി സുരേഷ്ബാബു | അസി.എഞ്ചിനീയർ | 02-10-2019 | 16-11-2019 |
| വിഷ്ണു.കെ.ആർ | അസി.എഞ്ചിനീയർ | 17-11-2019 | 17-01-2020 |
| നിനാദ്.കെ.ആർ | അസി.എഞ്ചിനീയർ | 18-01-2020 | 31-03-2020 |
| ഹേമലത.സി. | അസി. സെക്രട്ടറി | 01-04-2019 | 10-12-2019 |
| ശാലിനി.സി. | അസി. സെക്രട്ടറി | 11-12-2019 | 31-03-2020 |
| ജയശ്രീ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ബാലൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. സൗമ്യ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. ശ്രീഹരി മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ദീപ.യൂ.വി. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സൈലേഷ് കുമാർ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 04-12-2019 |
| ബീന. കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 05-12-2019 | 31-03-2020 |
| ശ്രീമതി. പ്രസന്ന.ടി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Anish A (Computer Assistant, On 13-06-2022) | 1 |
| 2 | ബജറ്റ് - നോൺ പ്ലാൻ എസ്റ്റിമെറ്റുകൾ<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-05-2022) | 1-1 |
| 3 | റിവൈസ്ഡ് ബജറ്റ്.<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-05-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Biju Antony (Audit Officer, On 29-06-2022) | 1-2 |
| 5 | വാർഷിക ധന കാര്യ പത്രികയിലെ അപാകതകൾ<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-05-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Biju Antony (Audit Officer, On 29-06-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Biju Antony (Audit Officer, On 29-06-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 09-06-2022)<br>Last Updated By: Biju Antony (Audit Officer, On 09-06-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: M.V.Beena (Senior Grade Auditor, On 27-05-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 27-05-2022) | 1-8 |
| 12 | ആഭ്യന്തിര നിയന്ത്രണം.<br>Written By: Biju Antony (Audit Officer, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 1-10 |
| 14 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 25-05-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 25-05-2022) | 1-11 |
| 15 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: M.V.Beena (Senior Grade Auditor, On 26-05-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 26-05-2022) | 1-12 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - രേഖകൾ പരിശോധിച്ചതിലെ അപാകതകൾ. | 1-13 |

| | | |
|---|---|---|
| | Written By: M.V.Beena (Senior Grade Auditor, On 27-05-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 27-05-2022) | |
| 17 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, വാങ്ങൽ - തുക തിരികെ ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 29-05-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 29-05-2022) | 1-14 |
| 18 | പാലിന് സബ്സിഡി നൽകൽ- നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K.V.Rajan (Senior Grade Auditor, On 07-06-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 12-06-2022) | 1-15 |
| 19 | സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടുകൾ ഹാജരാക്കുകയുണ്ടായില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Biju Antony (Audit Officer, On 05-06-2022) | 1-16 |
| 20 | കാർഷികാവശ്യത്തിന് ത്രീഫേസ് വലിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Biju Antony (Audit Officer, On 05-06-2022) | 1-17 |
| 21 | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Biju Antony (Audit Officer, On 05-06-2022) | 1-18 |
| 22 | പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-19 |
| 23 | സമഗ്രമായ പദ്ധതികൾ ഏറ്റെടുക്കുന്നില്ല.<br>Written By: Biju Antony (Audit Officer, On 05-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-20 |
| 24 | ആവശ്യമായ രേഖകളിൽ പലതും മരാമത്ത് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.<br>Written By: Biju Antony (Audit Officer, On 05-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-21 |
| 25 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 05-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-22 |
| 26 | ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . നഷ്ടമായ തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-23 |
| 27 | പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Biju Antony (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-24 |
| 28 | ഗ്രാമസഭകളുടെ സംഘാടനം - വിശദവിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . നഷ്ടമായ തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 30-06-2022)<br>Last Updated By: Biju Antony (Audit Officer, On 30-06-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Biju Antony (Audit Officer, On 30-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിശദവിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 10-06-2022)<br>Last Updated By: Biju Antony (Audit Officer, On 10-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Biju Antony (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1 ബജറ്റ്

2019-20 ലെ ബജറ്റ് പഞ്ചായത്ത് ഭരണ സമിതിയിൽ അവതരിപ്പിച്ച് 18.02.2019 ലെ 1/1ാം നം. തീരുമാന പ്രകാരം അന്തിമമാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 1,96,3,768 |
| വരവ് | 1,92,32,232 |
| ആകെ | 21,196,000 |
| ചെലവ് | 1,97,25,772 |
| നീക്കിയിരിപ്പ് | 14,70,228 |

## 1-1 ബജറ്റ് - നോൺ പ്ലാൻ എസ്റ്റിമെറ്റുകൾ

നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്ത്, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രൊപ്രോസലുകൾ പൂർണ്ണമായി അനുവദനീയമായ സമയക്രമത്തിനുള്ളിൽ സമർപ്പിച്ചതായി കണ്ടില്ല. വിശദവിവരങ്ങൾ :

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമ പഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2019-2020 ഡിസംബർ 15-ന് മുൻപ് | തീയതി ലഭ്യമല്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | 2019-2020 ജനുവരി 15-ന് മുൻപ് | തീയതി ലഭ്യമല്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2019-2020 ജനുവരി 25-ന് മുൻപ് | തീയതി ലഭ്യമല്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2019-2020 ഫെബ്രുവരി 1-ന് മുൻപ് | 26.02.2020 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2019-2020 ഫെബ്രുവരി 28-ന് മുൻപ് | 24.05.2019, |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2019-2020 മാർച്ച് 1-ന് മുൻപ് | 08.02.2019, |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക | 2019-2020 മാർച്ച് 7-ന് | 14.02.2019 |

| | | | |
|---|---|---|---|
| | പഞ്ചായത്ത് കമ്മറ്റി ചേരൽ | മുൻപ് | |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2019-2020 മാർച്ച് 31-ന് മുൻപ് | 18.02.2019 |

ഓഡിറ്റ് നിർദ്ദേശങ്ങൾ (1.05.2022 ലെ അന്വേഷണ നം.2 )

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214, സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 /ത.സ്വ.ഭ.വ തിയതി 02.12.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു :

1.അടുത്ത വർഷത്തേക്കുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനവരി 15 -നു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2.മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നത് മുമ്പ് തന്നെ പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

3.സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 പ്രകാരം മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നും ഏതൊരു പ്രതീക്ഷിത വ്യതാനങ്ങളോടൊപ്പവും വിശദമായ കുറിപ്പുകൾ വേണം എന്ന് ഉറപ്പാക്കേണ്ടതാണ് .

4.3.2.02.12.2016 ലെ വകുപ്പ് 214(7) പ്രകാരം ബജറ്റ് പാസ്സാക്കിയതിന് ശേഷം സർക്കാരിനും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും, ഓഡിറ്റർക്കും അയക്കേണ്ടതാണ്.

ഭാവിയിൽ ബജറ്റ് പാസ്സാക്കുമ്പോൾ പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-1-2 റിവൈസ്ഡ് ബജറ്റ്.

1994പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(5) പ്രകാരം വരവ്, ചെലവുകളെ സംബന്ധിച്ച് ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തുവാൻ അനിവാര്യമെങ്കിൽ അനുപൂരകമോ, പുതുക്കിയതോ ആയ ഒരു ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

2019-2020 സാമ്പത്തിക വർഷത്തിൽ റിവൈസഡ് ബജറ്റ് 26.02.2020 ന് തീരുമാന നം.1 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.വിശദാംശങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 72,27,592 |
| വരവ് | 10,12,54,200 |
| ആകെ | 10,84,81,792 |
| ചെലവ് | 10,34,01,841 |
| നീക്കിയിരിപ്പ് | 50,79,951 |

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 8-6-2020 | _ | _ |

1-2-1 വാർഷിക ധന കാര്യ പത്രികയിലെ അപാകതകൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2)സ്റ്റോക്കിന്റെ മൂല്യം ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് വരുന്നില്ല.

3)2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിലെ ദുരിതാശ്വാസ നിധിക്കുള്ള പ്രത്യേക ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4)ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി AFS ലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5)ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ച് വരുന്നില്ല.

6)2020-21 സാമ്പത്തിക വർഷത്തിലെ ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തൽ സഹിതം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7)നികുതി വരവുകൾക്കുള്ള DCB രജിസ്റ്ററുകളിൽ കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തി AFS ലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.വിശദവിവരങ്ങൾ :

# 2019-2020, 2020-2021 ലെ സ്ഥാപനങ്ങൾക്കും, വ്യപാരികൾക്കുമുള്ള തൊഴിൽ നികുതി രജിസ്റ്റർ.

# 2019-2020, 2020-2021 ലെ D&O ലൈസൻസ് രജിസ്റ്റർ.

# കെട്ടിട വാടക രജിസ്റ്റർ.

#2019-2020 ലെ കെട്ടിട വാടക ഡിമാന്റ് രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ DCB സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

# 2019-2020, 2020-2021 ലെ Property Tax On Resdential Buildings DCB കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11,669,972/- |
| വരവ് | 47,878,419/- |
| ആകെ | 59,548,391/- |
| ചെലവ് | 46,905,116/- |
| നീക്കിയിരിപ്പ് | 12,643,275/- |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10,626,635 | 10,626,635 | 77,23,851 | 2,902,784 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7,165,588 | 7,165,588 | 27,61,437 | 4,404,151 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9,161,000 | 9,161,000 | 39,876,40 | 5,173,360 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3,610,000 | 3,610,000 | 14,52,994 | 21,57,006 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (അൺടൈഡ്) | | 0 | 93,43,303 | 93,43,303 | 4,75,9049 | 45,84,254 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം TSC തിരിച്ച് ചേർക്കുക) ICDS | | 25,40,055 | 79,775 | 26,19,830 | 2,40,000 | 23,79,830 |
| | | 53,4,744 | 1,00,3,213 | 15,37,957 | 8,00,000 | 7,37,957 |
| BRGF | | 22,580 | 0 | 22,580 | 0 | 22,580 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3,81,981 | 1,44,8,500 | 1,83,0,481 | 10,26,677 | 8,03,804 |
| | ജില്ലാ പഞ്ചായത്ത് | 3,731 | 4,26,318 | 43,0049 | 4,26,318 | 3,731 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 90107556 | 109 | 35393568 | 0 | 149 | 42 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 6 | 5955660 | 739228 | 12.41 |
| വി.ഇ.ഒ. | 11 | 9 | 20524640 | 8055000 | 39.25 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 11 | 5465106 | 4748578 | 86.89 |
| സെക്രട്ടറി | 28 | 15 | 8093204 | 4553517 | 56.26 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 172 | 47 | 40250788 | 11638830 | 28.91 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 05 | 5 | 1118598 | 969038 | 86.63 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 1 | 5,00,000 | 4,00,000 | 80 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 03 | 3 | 843310 | 843310 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 07 | 5 | 3330250 | 2115817 | 63.53 |
| വെറ്ററിനറി സർജ്ജൻ | 08 | 7 | 4026000 | 1330250 | 33.04 |
| ആകെ | 258 | 109 | 90107556 | 35393568 | 39.27 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6977 | 732784 | 739761 | 438321 | 301440 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 7891146 | 7891146 | 7891146 | |
| ആകെ | 6977 | 8623930 | 8630907 | 8329467 | 301440 |

## 1-7 ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 14760 | 15 |
| കാർഷിക തൊഴിലാളി പെൻഷൻ | 911400 | 153 |
| വിധവ പെൻഷൻ | 6471600 | 902 |
| വാർദ്ധക്യകാല പെൻഷൻ | 10748400 | 1779 |
| വികലാംഗ പെൻഷൻ | | 339 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 431400 | 68 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-04-2022 തിയ്യതിയിൽ സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16757 /- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തിര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2019-20, 2020-21 വർഷങ്ങളിലെ സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ പലതിലും സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ ചില മാസങ്ങളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.03.2022 | ജനുവരി 2022, ഫെബ്രുവരി 2022 | 17.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.2009 മുതൽ 3-8-2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)/IV /8A-1451/17തി 26.08.2009 |

## 1-11 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണ്.

കെട്ടിടനിർമ്മാണ പെർമിറ്റ് നൽകൽ , ക്രമവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1).കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളുടെയും ക്രമവത്ക്കരണത്തിനുള്ള അപേക്ഷകളുടെയും വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (സ.ഉ(പി)78/2019/തസ്വഭവ തീ. 2.11.2019) -ലെ ചട്ടം 95(3)പ്രകാരം സെക്രട്ടറി ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ക്രമവല്ക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2). 2019-20 വർഷത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (സ.ഉ(പി)78/2019/തസ്വഭവ തീ. 2.11.2019) -ലെ ചട്ടം 95(3),കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ (ഭേദഗതി) ചട്ടങ്ങൾ 2020 (സ.ഉ(പി)56/2020/തസ്വഭവ തീ. 24.9.2020)- എന്നിവയിൽ നിർദ്ദേശിച്ച പ്രകാരം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പെർമിറ്റ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 16 തീയതി- 11.05.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60

ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) . ഓർഫനേജ് എച്ച്.എസ്സ്.എസ്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിയുടെ രണ്ടാം അർദ്ധവർഷ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധവർഷവരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | റുഖിയ. പി.എസ്. | ഹെഡ്മിസ്ട്രസ്സ് | 78000 | 600 | 750 | 150 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കുറവ് വന്ന തൊഴിൽനികുതി തുകയായ 150/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം – 11 തീയതി 07.05.2022).

2). പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി 2019-20 സാമ്പത്തികവർഷത്തിൽ ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| സതേൺ റെയിൽവേ വല്ലപ്പുഴ | I |
| വല്ലപ്പുഴ ഹയർസെക്കണ്ടറി സ്കൂൾ ,വല്ലപ്പുഴ | I |
| എ.എം.എൽ..പി.സ്കൂൾ ,വല്ലപ്പുഴ | I |
| A.E , LSGDവല്ലപ്പുഴ ഗ്രാമപഞ്ചായത്ത് | I |
| എ.എൽ.എം.പി.സ്കൂൾ, കുറുവാട്ടൂർ | I , II |
| കുറുവാട്ടൂർ പോസ്റ്റ്ഓഫീസ് | I , II |
| B.S.N.L വല്ലപ്പുഴ | II |
| ചെറുകോട് പോസ്റ്റ് ഓഫീസ് | II |
| ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി | I |
| മാവേലിസ്റ്റോർ വല്ലപ്പുഴ | I |
| വി.ഇ.ഒ.ഓഫിസ് വല്ലപ്പുഴ | II |
| പഞ്ചായത്ത് ഓഫീസ് വല്ലപ്പുഴ | II |
| കയിലിയാട് സർവ്വീസ് കോഓപ്പ്റേറ്റീവ് ബാങ്ക് | II |
| വല്ലപ്പുഴ സർവ്വീസ് കോഓപ്പ്റേറ്റീവ് ബാങ്ക് | I |

| | |
|---|---|
| ലിമിറ്റഡ് ( Evening Branch) | |

ഇത സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം -11 തീയതി- 07.05.2022) സെക്ഷൻ കൈകാര്യം ചെയ്യ ഉദ്യോഗസ്ഥന് കത്ത് നൽകുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടി സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3). താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| BSNL വല്ലപ്പുഴ | I , II |
| വല്ലപ്പുഴ സർവ്വീസ് കോഓപ്പ്റേറ്റീവ് ബാങ്ക് ലിമിറ്റഡ് (Evening Branch) | I |
| മാവേലി സ്റ്റോർ വല്ലപ്പുഴ | I |
| ചെർപ്പുളശ്ശേരി അർബൻ കോ ഓപ്പ്റേറ്റീവ് ബാങ്ക്, വല്ലപ്പുഴ | I , II |
| വല്ലപ്പുഴ സർവ്വീസ് കോ ഓപ്പ്റേറ്റീവ് ബാങ്ക് വല്ലപ്പുഴ | I |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | I , II |
| കനറ ബാങ്ക് വല്ലപ്പുഴ | II |
| കയിലിയാട് സർവ്വീസ് കോ ഓപ്പ്റേറ്റീവ് ബാങ്ക് | II |

ഇത സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം -11 തീയതി- 07.05.2022) സെക്ഷൻ കൈകാര്യം ചെയ്യ ഉദ്യോഗസ്ഥന് കത്ത് നൽകുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടി സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

4). കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ കരാർ പ്രവൃത്തികൾ ചെയ്തുവരുന്ന അംഗീകൃത കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.11/07-05-2022)

5). റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ അടവാക്കിയിട്ടില്ല . ടി ജീവനക്കാരുടെ തൊഴിൽനികുതി , റേഷൻകടകളുടെ സ്ഥാപനനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.11/07-05-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതിയും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - രേഖകൾ പരിശോധിച്ചതിലെ അപാകതകൾ.

1) .പഞ്ചായത്ത് പരിധിയിൽ റേഷൻ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻഡിപ്പോകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്

പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ(നം-10/09.05.2022)ത്തിന് മറുപടിയായി, റേഷൻ കടകൾക്ക് ലൈസൻസ് എടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിസൂക്ഷിക്കേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 10/ 09.05.2022 ) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) ലൈസൻസ് പുതുക്കി നൽകിയതിൽ ചട്ട പ്രകാരമുള്ള സത്യവാങ്മൂലം വാങ്ങിയിട്ടില്ല.

മലബാർ ബ്ളൂ മെറ്റൽസ് എന്ന സ്ഥാപനം നടത്തുന്നതിന് മുഹമ്മദാലി.കെ.വി എന്നയാൾക്ക് 12.06.19 തീയതിയിലെ രസീതി നമ്പർ 11902010041 , 742 എന്നിവ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്.ടിയാൾക്ക് 2023-24 സാമ്പത്തികവർഷം വരെയുള്ള കാലയളവിലേക്ക് ലൈസൻസ് പുതുക്കി നൽകുന്നതിനായി 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിലേക്ക് അഡ്വാൻസ് കളക്ഷനായി 57000 രൂപ അടവാക്കിയിട്ടുണ്ട്. .എന്നാൽ ടിയാളുടെ അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

A) അപേക്ഷയിൽ 190 Hpകൊണ്ടുള്ള യന്ത്രസാമഗ്രി ഉയോഗിക്കുന്നു എന്നത് 150 Hp എന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ തിരുത്തൽ വരുത്തിയിട്ടുണ്ട്.

B) അപേക്ഷയോടൊപ്പം സമർപ്പിച്ച കേരള സ്റ്റേറ്റ് പൊല്ല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റിൽ 30.06 2023 വരെയാണ് കാലാവധി രേഖപ്പെടുത്തിയിട്ടുള്ളത്.

C) ജോയിന്റ് ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് അനുവദിച്ച സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനായുള്ള ലൈസൻസിൽ കാലാവധി 31.03.20 വരെയാണ്.

D) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള ഡീലേഴ്സ് ലൈസൻസിൽ കാലാവധി 22.03 .2019 വരെയാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലവും സമർപ്പിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം -10 തീയതി 09.05.2022) ലൈസൻസ് അനുവദിച്ച ഉദ്യോഗസ്ഥന് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, വാങ്ങൽ - തുക തിരികെ ഈടാക്കണം

പ്രൊജക്ട് നമ്പർ- 198/20

നിർവഹണം- കൃഷി ഓഫീസർ

പ്രൊജക്ട് – കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, വാങ്ങൽ

അടങ്കൽ :രൂ.55000.00 (തനത് ഫണ്ട് )

ചെലവ് -രൂ.43068.00 ( ചെക്ക് നം6004916 /30.3.20 Rs.40469 + ചെക്ക് നം 6004916/30.3.20 Rs.2599-.00 - Beneficiary Account No- 799011400003959- Kerala State Electronic Dev.Corporation Ltd)

മേൽ പ്രൊജക്ട് പ്രകാരം കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ വാങ്ങുന്നതിനായി Http://cprcs.kerala.gov.in മുഖേന കെൽട്രോണിന്റെ താഴെ പറയുന്ന പ്രഫോർമ ഇൻവോയ്സുകളനുസരിച്ച് തുക നൽകിയിരുന്നു.

1.TVM/ITBG/RC/17632/19-20 Dated 18.3.20 – Desktop – Rs.40469.00

2.TVM/ITBG/RC/17634/19-20 Dated 18.3.20 – Desktop – Rs.2599.00

കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവയും, ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെങ്കിൽ തുക തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 12/9.5.22 ന മറുപടിയായി കെൽട്രോണിന്റെ 11/08/2021 ലെ ഇൻവോയ്സ് നം ITP/03159/21-22 രൂ. 39797.00 ഹാജരാക്കിയിരുന്നു. യു പി എസ് ലഭ്യമായതിന്റെ വിശദാംശങ്ങളോ , സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

Http://cprcs.kerala.gov.in മുഖേന Kerala State Electronic Dev.Corporation Ltd ന് നൽകിയ രൂ. 43068.00 ൽ നിന്നും കമ്പ്യൂട്ടറിന്റെ വിലയായ രൂ. 39797.00 കിഴിവ് ചെയ്ത് ബാക്കി തുകയായ രൂ.3271.00 തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.തുക തിരികെ ലഭിക്കുന്നത് വരെ രൂ.3271.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ സർക്കുലർ നം 86/2010/ധനം തീയതി.24.9.2010 ലെ നിർദ്ദേശാനുസരണമുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

1-15 പാലിന് സബ്സിഡി നൽകൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് നമ്പർ- 307/20

നിർവഹണം- ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്ട് – സഹകരണ സംഘങ്ങളിലൂടെ പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ :രൂ.500000.00 (വികസന ഫണ്ട് - 300000.00 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം -100000.00 + ജില്ല്ലാ പഞ്ചായത്ത് വിഹിതം-100000.00)

ചെലവ്- രൂ.400000.00(ബിൽ നം 1/25.2.20 രൂ. 300000.00(വികസന ഫണ്ട്) + ബിൽ നം 2/13.3.20 രൂ. 100000.00)

2019-20 വർഷം കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പ്രൊജക്ടുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി 7.9.19 ന് ചേർന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനം എടുത്തിരുന്നു.

"അജണ്ട :- 8 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി അനുവദിക്കുന്നതിനുള്ള കർഷകരുടെ ലിസ്റ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ :- A3.4406/2019)

തീരുമാന നമ്പർ :- 1 - വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട തറക്കൽപടി ക്ഷീരസംഘത്തിൽ പാലൊഴിക്കുന്ന ക്ഷീര കർഷകർക്ക് പഞ്ചായത്തിൽ നിന്നും സബ്സിഡി ലഭിക്കുന്നതിന് ഒറ്റപ്പാലം ക്ഷീരവികസന യൂണിറ്റ് ഡയറിഫാം ഇൻസ്ട്രക്ടർ സമർപ്പിച്ച അപേക്ഷയും ലിസ്റ്റും പഞ്ചായത്ത് കമ്മിറ്റിയിൽ വായിച്ച് ചർച്ച ചെയ്ത് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അംഗീകരിച്ച തീരുമാനിച്ചു.

"

തുടർന്ന് മേൽ പ്രൊജക്റ്റ് പ്രകാരം തറക്കൽപടി ക്ഷീരോല്പാദക സഹകരണ സംഘത്തിലെ ക്ഷീരകർഷകർക്ക് 2019-20 വർഷം 4 ലക്ഷം രൂപ പാലിന് സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ക്ഷീരകർഷകർക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയത് താഴെ പറയുന്ന ബില്ലുകൾ / വൗച്ചറുകൾ മുഖേനയാണ്.

| ക്രമ നം | അലോട്ട് മെന്റ് നം | വൗച്ചർ നം& തീയതി | ചെക്ക് നം | തുക |
|---|---|---|---|---|
| 1 | 308/18.3.20 | 21901082/25.3.20 | 6004104 | 93232.00 |
| 2 | 309/18.3.20 | 21901081/25.3.20 | 6004104 | 6768.00 |

എന്നാൽ കാഷ് ബുക്കിൽ 13.3.20 ന് തന്നെ 1 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2) തറക്കൽപടി ക്ഷീരോല്പാദക സഹകരണ സംഘത്തിലെ സെക്രട്ടറി നൽകിയ പട്ടികയിൽ ഗുണഭോക്താക്കൾ അളന്ന പാലിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കൂടാതെ നിർവ്വഹണോദ്യഗസ്ഥൻ സഹകരണ സംഘം സെക്രട്ടറി ലഭ്യമാക്കിയ പട്ടിക ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയുമായും, സംഘത്തിലെ സംഭരണ രജിസ്റ്ററുമായും ഒത്തുനോക്കുകയോ, സമർപ്പിച്ച ക്ലയിം തുകയുടെ കൃത്യത പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെയാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

3) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുത്. മേൽ പ്രൊജക്ടുകളിലെ ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയാണെന്ന് ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യഗസ്ഥൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

4)2019-20 വർഷം മിൽക്ക് ഇൻസന്റീവ് ആനുകൂല്യം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 6/6.5.22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ/മറുപടി ലഭ്യമാക്കിയില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൌണ്ട് നമ്പർ | ബിൽ നം 1/25.2.20 | ബിൽ നം 2/13.3.20 | ആകെ |
|---|---|---|---|---|---|
| 1 | ശിവരാമൻ | 33044012080 | 5559.00 | 1896.00 | 7455 |
| 2 | പാത്തുമ്മക്കുട്ടി | 30115119107 | 6090.00 | 1362.00 | 7452 |
| 3 | ഗോപാലൻ | 31514435462 | 8565.00 | 2346.00 | 10911 |
| 4 | നിഷ | 35976589857 | 7716.00 | 2721.00 | 10437 |
| 5 | ഇബ്രാഹിം എൻ | 33757200801 | 14379.00 | 2721.00 | 17100 |
| 6 | രാജൻ എം | 33108451914 | 5787.00 | 783.00 | 6570 |
| 7 | ലീല പി സി | 18870100002332 | 5651.00 | 4458.00 | 10109 |
| 8 | നഫീസ | 33072331558 | 6921.00 | 0 | 6921 |
| 9 | ഹനീഫ | 6011101003480 | 9339.00 | 0 | 9339 |

| | | | | | |
|---|---|---|---|---|---|
| 10 | അബ്ദുൾ ലത്തീഫ് | 30825963143 | 5325.00 | 3444.00 | 8769 |
| 11 | അസ്സയിനാർ | 10610001188 | 3706.00 | 5403.00 | 9109 |
| 12 | മൊഹിയുദ്ദീൻ | 18870100000229 | 3102.00 | 7893.00 | 10995 |

4)ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചെവിക്കൽപ്പടി ക്ഷീരോല്പാദക സഹകരണ സംഘത്തിലെ പാലളക്കുന്ന ക്ഷീരകർഷകർക്ക് 2019-20 വർഷം പാലിന് സബ്സിഡി അനുവദിച്ചിട്ടില്ല. .

5)2019-20 വർഷത്തിലെ 4/2019 മുതൽ 11/19 വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 12/19മുതൽ 03/20 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സംയുക്ത പദ്ധതികൾ മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള വിഹിതം യഥാസമയം ലഭ്യമാക്കിയും, തനത് ഫണ്ടിൽ നിന്നും കൂടുതൽ തുക വകയിരുത്തിയും ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷത്തിലെ മുഴുവൻ കാലയളവിലും സബ്സിഡി നൽകുന്നതിന് ഉതകുംവിധം പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് വരും വർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.
2. ക്ഷീര സംഘങ്ങളിൽ പരിപാലിക്കുന്ന പാൽ ശേഖരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി ഒത്തുനോക്കി സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിധേയമായി അർഹമായ തുക മാത്രം സബ്സിഡിയായി അനുവദിക്കേണ്ടതാണ്. സർക്കാർ തുക സ്വന്തം പണം ചെലവഴിക്കുന്ന സൂക്ഷ്മതയോടെ ചെലവഴിക്കണമെന്ന, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 (ബി)യിൽ പ്രതിപാദിക്കുന്ന, ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പ്രൊജക്ടുകളുടെ നിർവ്വഹണത്തിലും, സബ്സിഡി അനുവദിക്കുന്നതിലും പാലിക്കേണ്ടതാണ്.
3. ഗ്രാമപഞ്ചായത്ത് പരിധിയിലെ അർഹരായ എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുതെന്ന വ്യവസ്ഥ നിർബന്ധമായും പാലിക്കേണ്ടതാണ്
5. കേരള ട്രഷറി കോഡിലെ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി കാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്.

1-16 സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്റ്റുകൾ ഹാജരാക്കുകയുണ്ടായില്ല.

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്റ്റുകളിൽ താഴെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (5/4-05-2022) / മറുപടിയിൽ പ്രസ്തുത പ്രൊജക്റ്റുകൾ പരിശോധനയിൽ പഞ്ചായത്തിൽ ലഭ്യമല്ലായെന്ന് മനസ്സിലാക്കിയതായി അറിയിച്ചിട്ടുണ്ട്.ഓഡിറ്റിന് ഹാജരാക്കാത്ത പ്രൊജക്റ്റുകളുടെ ചെലവുതുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു .

പ്രൊജക്റ്റുകളുടെ വിശദവിവരങ്ങൾ :

ക്രമ നം.1

| പ്രൊജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 304/19-20 | ആശ്രയ പദ്ധതിക്ക് തുക കൈമാറൽ | 1,00,000 | 1,00,000 |

ക്രമ നം.2

| പ്രൊജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 311/19-20 | കേരളോത്സവം 2019-20 | 1,00,000 | 61,815 |

പ്രൊജക്റ്റുകൾ ഹാജരാക്കുന്നത് വരെ 1,61,815/- തടസ്സവാദം നിലനിൽക്കുന്നു.

1-17 കാർഷികാവശ്യത്തിന് ത്രീഫേസ് വലിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊക്റ്റ് നം. | SO127/19-20 |
| പേര് | തേക്കാട് ഭാഗത്ത് കാർഷികാവശ്യത്തിന് ത്രീഫേസ് വലിക്കൽ |
| അടങ്കൽ | 50,000/- (തനത് ഫണ്ട്.) |

കാർഷികാവശ്യത്തിന് ത്രീഫേസ് വലിക്കുന്നതിനായി പദ്ധതി വിഹിതം വല്ലപ്പുഴ KSEB സെക്ഷന്റെ 67040309615 എന്ന അക്കൗണ്ട് നമ്പറിലേക്ക് NEFT ലൂടെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.പ്രസ്തുത വിഹിതത്തിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.(01.05.2022 ലെ അന്വേഷണ നം.8)

1-18 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊക്റ്റ് നം. | SO250/19-20 |
| പേര് | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 69,929/- (തനത് ഫണ്ട്.) |
| ചെലവ് | 63,854/- |

വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പൊതു ജനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് A.E വല്ലപ്പുഴ ജംഗ്ഷൻ KSEB യുടെ 67040309615 എന്ന അക്കൗണ്ട് നമ്പറിലേക്ക് പദ്ധതി വിഹിതം NEFT ലൂടെ കൈമാറിയിട്ടുണ്ട്.(1.05.2022 ലെ അന്വേഷണ നം.8)

വിഹിതത്തിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-19 പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നമ്പരും പേരും: SO - 191/20- നമ്പിയത്ത് പടി ഇടവം കുന്ന് റോഡ് റീടാറിങ്ങ്

അടങ്കൽ: - 100000, ഫണ്ടിനം: വികസനഫണ്ട് ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്: 100000/--, ബിൽ നം.13/7-6-2019-- 100000/-രൂ.

കരാർ നം.76/AE/LSGD/VPZA/17-3-2018, -(PAC): 96789, കരാറുകാരൻ: അബ്ദുൾ സലാം

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 17-7-2018

സ്ഥലം കൈമാറിയ തീയ്യതി. 17-3-2018

പൂർത്തീകരിച്ച തീയ്യതി: 26-10-2018 , അളവു പുസ്തകം: 33/18-19

ആകെ പ്രവൃത്തി മൂല്യം: 100000

4 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒരു മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1000 (PACയുടെ 1%)

രണ്ടാമത്തെ ഒരു മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2000 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 3000

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 3000

2. പ്രൊജക്റ്റ് നമ്പരും പേരും: SO - 192/20 - തീയ്യാട് റോഡ് റീടാറിങ്ങ്

അടങ്കൽ: - 130000, ഫണ്ടിനം: വികസനഫണ്ട് ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്: 129483/--, ബിൽ നം.12/7-6-2019-- 129483/-രൂ.

കരാർ നം.73/AE/LSGD/VPZA/7-3-2018, -(PAC): 127363, കരാറുകാരൻ: അബ്ദുൾ സലാം

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 6-9-2018

സ്ഥലം കൈമാറിയ തീയ്യതി. 7-3-2018

പൂർത്തീകരിച്ച തീയ്യതി: 30-11-2018 , അളവു പുസ്തകം: 36/18-19

ആകെ പ്രവൃത്തി മൂല്യം: 129483

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1274 (PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2548(PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 3822

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 3822

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/9-5-2022ന് മറുപടി ലഭ്യമാക്കിയതിൽ കരാറുകാരിൽ നിന്ന് തുക ഈടാക്കി വിവരം അറിയിക്കാം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 6822രൂ. ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-20 സമഗ്രമായ പദ്ധതികൾ ഏറ്റെടുക്കുന്നില്ല.

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുംതങ്ങളുടെ അധികാരപരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായിതന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക ഡിവിഷൻ അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട്

സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-21 ആവശ്യമായ രേഖകളിൽ പലതും മരമത്ത് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്),എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് | സൈറ്റ് മാപ്പ് | മോണിറ്ററിംഗ് റിപ്പോർട്ട് | ഫീസിബിലിറ്റി റിപ്പോർട്ട്. | എസ്റ്റിമേറ്റ് റിപ്പോർട്ട് |
|---|---|---|---|---|---|---|
| | SO- 212/20- നമ്പിയത്ത് പടി ഇടവം കുന്ന് റോഡ് റീടാറിങ്ങ് | ഇല്ല | ഇല്ല | ഇല്ല | N .A | ഇല്ല |
| | SO - 192/20 - തീയ്യാട് റോഡ് റീടാറിങ്ങ് | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |
| | SO - 216/19 - പൂഴിക്കുന്ന് നടപ്പാത പാർശ്വഭിത്തി | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |

പ്രവൃത്തി പൂർത്തീകരണകാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി,സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെയും മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

1-22 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ

1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO- 212/20- നമ്പിയത്ത് പടി ഇടവം കുന്ന് റോഡ് റീടാറിങ്ങ് 96789 ബിൽ നം.-13/7-6-2019-- 100000/-രൂ. | 16-1-2018 | ---- | 76/AE/LSGD /VPZA/17-3-2018 അബ്ദുൾ സലാം | 1000 | 0 | 1000 |
| 2 | SO - 192/20 - തീയ്യാട് റോഡ് റീടാറിങ്ങ് 127363 12/7-6-2019-- 129483/-രൂ. | 16-1-2018 | ---- | 76/AE/LSGD /VPZA/7-3-2018 അബ്ദുൾ സലാം | 1274 | - | 1274 |
| 3 | SO - 216/19 - പൂഴിക്കുന്ന് നടപ്പാത പാർശ്വഭിത്തി സംരക്ഷണം 137301 11/7-6-2019-- 139300/-രൂ. | 16-1-2018 | ---- | 85/AE/LSGD /VPZA/7-3-2018 അബ്ദുൾ റഹ്മാൻ | 1373 | - | 1373 |
| 4 | SO --- ശിവക്ഷേത്രം അംഗൻവാടി റോഡ് കോൺക്രീറ്റിങ്ങ് 162467 | 26-10-18 | 27-10-19 | 46/AE/LSGD /VPZA/22-11-2018 കെ. മോഹൻദാസ് | 1625 | - | 1625 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 14/7-6-19, 162466/-രൂ. | | | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/9-5-2022 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്ന് തുക ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഉത്തരാവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-23 ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

2019- 2020- ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയതായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- |
|---|---|---|---|---|---|
| 1 | SO - 54/20- . എലപ്പുള്ളിക്കുണ്ട് മാങ്ങാട്ടുകുറുശ്ശി റോഡ് മെറ്റലിംഗ ആൻറ് ടാറിംഗ് സൈനുദ്ദീൻ | 5/14-5-2019- 296525/-രൂ. MB No. 52/18-19 | VG-30- 732.69/156 =5 RS1-95.49/182 =1 SS1- 295.16/182= 2 | 8 | 1904 |
| 2 | SO - 192/20 - തീയ്യാട് റോഡ് റീടാറിങ്ങ് അബ്ദുൾ സലാം | 12/7-6-2019-- 129483/-രൂ. MB No. 36/18-19 | VG-30- 1065.42/156 = 7 RS1- 101.25/182 = 1 | 8 | 1904 |
| 3 | SO - 192/20 - പീടിയേക്കൽ പടി റോഡ് റീടാറിങ്ങ് സൈനുദ്ദീൻ | 6/14-5-2019-- 348740/-രൂ. MB No. 59/18-19 | VG-30- 2780.68/156 = 18 RS1- 271.35/182 = 2 | 20 | 4760 |
| 4 | ഞാളചിറക്കളം | 4/14-5-2019-- | VG-30- | 11 | 2618 |

| | | | | | |
|---|---|---|---|---|---|
| | മേലേതിൽ പ്പടി റോഡ് റീടാറിംഗ് അബ്ദുൾ സലാം | 181820/-രൂ. MB No. 63/18-19 | 1407.688/156 = 10 RS1- 133.84/182 = 1 | | |
| 5 | ഈത്തപ്പടി ഗോവിന്ദാപുരം റോഡ് മെറ്റലിംഗ് ആന്റ് ടാറിങ്ങ് സൈനുദ്ദീൻ | 22/5-7-2019-- 284575/-രൂ. MB No. 50/18-19 | VG-30- 1184.55/156 =8 RS1-154.385/182 =1 SS1- 477.19/182= 3 | 12 | 2856 |
| 6 | നമ്പിയത്ത് പടി റോഡ് മെറ്റലിംഗ് ആന്റ് ടാറിങ്ങ് മുഹമ്മദ് റഫീക്ക് | 38/6-9-2019-- 400000/-രൂ. MB No. 5/18-19 | VG-30- 2553.126/156 =17 RS1-281.616/182 =2 SS1- 159.205/182= 1 | 20 | 4760 |
| 7 | പ്ലാച്ചിക്കോട് കോരനാൽ റോഡ് റീടാറിംഗ് എം. റഷീദ് | 23/5-7-2019-- 385115/-രൂ. MB No. 65/18-19 | VG-30- 3160.68/156 =21 RS1-292.5/182 =2 | 23 | 5474 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 8/6-5-2022) മറുപടി ലഭ്യമാക്കയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നഷ്ടമായ തുക 24276രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-24 പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ട്രഷറി ബിൽ ബുക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് വിവരങ്ങൾ ചേർത്തിട്ടുള്ളത്.)

| പ്രവൃത്തിയുടെ പേര് | ബിൽ നം. , തുക |
|---|---|
| തത്തനംപള്ളി പപ്പടപ്പാടി റോഡ് | 31/9-7-20, 237264രൂ. |
| ഇച്ചിനാൻഗട്ട പള്ളിയാൽ റോഡ് | 44/9-7-20, 107250 രൂ. |
| ഞാളൂർ റോഡ് കോൺക്രീറ്റ് | 53/9-7-20, 131234 |
| വള്ളിലാത്തൊടി പാടം റോഡ് കോൺക്രീറ്റ് | 59/9-7-20, 50000 |

| | |
|---|---|
| പറമ്പത്തൊടി റോഡ് സോളിംഗ് | 65/9-7-20, 175000 |
| ആയുർവ്വേദ ഡിസ്പെൻസറി പുനരുദ്ധാരണം | 85/15-10-2020, 94478 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/31-5-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ.ചെലവ് തുക 795226 രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-25 ഗ്രാമസഭകളുടെ സംഘാടനം - വിശദവിവരങ്ങൾ

കേരള പഞ്ചായത്ത് രാജ് വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയ എല്ലാവരും പഞ്ചായത്തിന്റെ ഗ്രാമസഭയിലെ അംഗങ്ങളായി പരിഗണിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നു.പഞ്ചായത്തിലെ ഗ്രാമസഭകളുടെ സംഘാടനവും, നിർവ്വഹണത്തിന്റേയും വിശദവിവരങ്ങൾ :

* പഞ്ചായത്തിൽ ശരാശരി 4 മാസം അധികാരിക്കാത്ത കാലയളവിനുള്ളിൽ ഗ്രാമ സഭ കൂടാറുണ്ട്.

*ഗ്രാമ സഭയുടെ കൺവീനർ പ്രസിഡന്റും, ഇദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റും ആണ് ഗ്രാമസഭകളുടെ സംഘാടനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് വരുന്നത്.

*പഞ്ചായത്തിന്റെ പരിധിയിൽ 16 വാർഡുകൾ നിലവിലുണ്ട്.വാർഡ് ഒന്നിന് ശരാശരി 350 നൊട്ടീസുകൾ മെമ്പർമാർ മുഖേന വിതരണം ചെയ്ത് ഗ്രാമസഭ യോഗം ചേരുന്ന വിവരം അറിയിച്ച് വരുന്നുണ്ട്.കോവിഡ് പശ്ചാത്തലത്തിൽ അനൗൺസ്മെന്റ് സാധ്യമല്ലാതെ വന്നതിലാണ് മേൽ രീതി അവലംബിച്ചിട്ടുള്ളത്.

*ഭൂപ്രദേശത്തെ വോട്ടർ പട്ടികയിൽ ഉൾപ്പെട്ട എല്ലാവരേയും വിവിധ മാധ്യമങ്ങൾ മുഖേന വിളിച്ച് ഗ്രാമസഭയുടെ സംഘാടനത്തിൽ ക്വോറം ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

*സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്ന രീതിയിൽ ഭിന്നശേഷി വിഭാഗക്കാരെ ഉൾപ്പെടുത്തി പ്രത്യേക ഗ്രാമസഭയായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

*ഗ്രാമ സഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെ കുറിച്ചോ പെർഫോമൻസ് റിപ്പോർട്ടോ യോഗത്തിൽ ചർച്ച ചെയ്ത് വരുന്നില്ല.സോഷ്യൽ ഓഡിറ്റ് മാത്രം ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കി വരുന്നുണ്ട്.

*ഗുണഭോക്തൃ പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകാരം ലഭ്യമാക്കി വരുന്നുണ്ടെങ്കിലും, അനർഹരായി പരിഗണിക്കുന്നവരെ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കി വരുന്നില്ല.

*വാർഷിക പദ്ധതികളുടെ അവലോകനം നടത്തി നിർവ്വഹണം ഉതകുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുവാനുള്ള ശുപാർശ ചെയ്ത് വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 3 ലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭ കുറഞ്ഞത് 3 മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

2)മുൻഗണനാക്രമത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ പിന്നീട് മാറ്റം വരുത്തുമ്പോഴും, തെരഞ്ഞെടുത്ത ഗുണഭാക്താക്കൾ അനർഹരായി പരിഗണിച്ച് അംഗീകരിച്ച പട്ടികയിൽ നിന്നും നീക്കം ചെയ്യുകയാണെങ്കിലും ആയതിന്റെ വിശദവിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

തൻവർഷം പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയതായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- |
|---|---|---|---|---|---|
| 1 | SO - 54/20- . എലപ്പുള്ളിക്കണ്ട് മാങ്ങാട്ടുകുറുശ്ശി റോഡ് മെറ്റലിംഗ ആൻറ് ടാറിംഗ് സൈനുദ്ദീൻ | 5/14-5-2019- 296525/-രൂ. MB No. 52/18-19 | VG-30- 732.69/156 =5 RS1-95.49/182 =1 SS1- 295.16/182= 2 | 8 | 1904 |
| 2 | SO - 192/20 - തീയ്യാട് റോഡ് റീടാറിങ്ങ് അബ്ദുൾ സലാം | 12/7-6-2019-- 129483/-രൂ. MB No. 36/18-19 | VG-30- 1065.42/156 = 7 RS1- 101.25/182 = 1 | 8 | 1904 |
| 3 | SO - 192/20 - പീടിയേക്കൽ പടി റോഡ് റീടാറിങ്ങ് സൈനുദ്ദീൻ | 6/14-5-2019-- 348740/-രൂ. MB No. 59/18-19 | VG-30- 2780.68/156 = 18 RS1- 271.35/182 = 2 | 20 | 4760 |
| 4 | ഞാളചിറക്കളം മേലേതിൽ പ്പടി റോഡ് റീടാറിംഗ് | 4/14-5-2019-- 181820/-രൂ. MB No. 63/18-19 | VG-30- 1407.688/156 = 10 RS1- 133.84/182 | 11 | 2618 |

| | | | | | |
|---|---|---|---|---|---|
| | അബ്ദുൾ സലാം | | = 1 | | |
| 5 | ഈത്തപ്പടി ഗോവിന്ദാപുരം റോഡ് മെറ്റലിംഗ് ആന്റ് ടാറിങ്ങ് സൈനുദ്ദീൻ | 22/5-7-2019--284575/-രൂ. MB No. 50/18-19 | VG-30-1184.55/156 =8 RS1-154.385/182 =1 SS1-477.19/182= 3 | 12 | 2856 |
| 6 | നമ്പിയത്ത് പടി റോഡ് മെറ്റലിംഗ് ആന്റ് ടാറിങ്ങ് മുഹമ്മദ് റഫീക്ക് | 38/6-9-2019--400000/-രൂ. MB No. 5/18-19 | VG-30-2553.126/156 =17 RS1-281.616/182 =2 SS1-159.205/182= 1 | 20 | 4760 |
| 7 | പ്ലാച്ചിക്കോട് കോരനാൽ റോഡ് റീടാറിംഗ് എം. റഷീദ് | 23/5-7-2019--385115/-രൂ. MB No. 65/18-19 | VG-30-3160.68/156 =21 RS1-292.5/182 =2 | 23 | 5474 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 8/6-5-2022) മറുപടി ലഭ്യമാക്കയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നഷ്ടമായ തുക 24276രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | 25-04-2022 മുതൽ 05-05-2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം. | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 3,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,50,000 | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1,00,000 | ക്ഷീര സംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | Nil |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 1,00,000 | ക്ഷീര സംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി | Nil | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 845000 | നെൽകൃഷക്ക് കൂലി ചെലവ് സബ്സിഡി (ജ) | Nil | 845000 |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 845000 | നെൽകൃഷക്ക് കൂലി ചെലവ് സബ്സിഡി (ജ) | Nil | 845000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 7,63,900 | ലൈഫ് മിഷൻ രണ്ടാം ഘട്ടം ഭവന നിർമ്മാണം (SC) | Nil | 7,63,900 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 30,00,000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം ഭവന നിർമ്മാണം (G) | 57,6,677 | 2,42,3,323 |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 20,00,000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം ഭവന നിർമ്മാണം (G) | 24,6,318 | 17,53,682 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിശദവിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക വിനിയഗിച്ച് നടത്തിയ പ്രവൃത്തികളുടേയും ബാക്കി തുകകളുടേയും വിവരങ്ങൾ താഴെ കോട്ടുക്കുന്നു :

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KWA | മലപ്പുറം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21900525 1/07/2019 | 1,93,954 | 0 |
| KWA | മുടിക്കന്നി കുടിവെള്ള പദ്ധതി പൈപ്പ് | 21900645 2/07/2019 | 13,622 35,378 | 0 |

| | | | | |
|---|---|---|---|---|
| | ലൈൻ നീട്ടൽ | 21900256 8/07/2019 | | |
| KWA | പീടംകുന്നു ചെട്ടിയാർകുഴി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 22000975 29/03/2021 | 1,30,266 | 0 |
| KWA | പഞ്ചാരത്ത്പടി കുടിവെള്ള പദ്ധതി | 22000976 29/03/2021 | 2,46,326 | 0 |

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല.തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC പഞ്ചായത്ത് – കം – ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണം | G.O(P) No.2833/Dtd /16.09.2015 | 1,42,20,000 | 5,77,344 | 305157 | 15,790 | 2,72,187 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നം./തീയതി |
|---|---|---|---|---|
| വിവരങ്ങൾ ലഭ്യമല്ല. | വിവരങ്ങൾ ലഭ്യമല്ല. | 7,500 | എൻ.കുഞ്ഞുമുഹമ്മദ് PWD കോൺട്രാക്ടർ | 119020100581 |
| വിവരങ്ങൾ ലഭ്യമല്ല. | വിവരങ്ങൾ ലഭ്യമല്ല. | 3,250 | യൂസഫ് സിദ്ധിക്ക് PWD കോൺട്രാക്ടർ | 119020100580 |
| വിവരങ്ങൾ ലഭ്യമല്ല. | വിവരങ്ങൾ ലഭ്യമല്ല. | 3,500 | K.P.സൈനുദ്ധീൻ കോൺട്രാക്ടർ | 119020100755 |

| | | | | |
|---|---|---|---|---|
| 2012-13 | | 2,100 | എം.എസ്.തമ്പി, സെക്രട്ടറി | 119020100917 |
| 2008-09 | | 162 | ഭാസ്കരൻ.വി.ആർ. സെക്രട്ടറി | 119020101359 |
| | | | | |
| 2012-13 | | 4,100 | കെ.ദാവീദ് കളത്തിൽ | 119020100915 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ --ഒന്നുമില്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 11,669,972/- |
| ഓഡിറ്റ് വർഷത്തെ വരവ് | 47,878,419/- |
| ആകെ | 59,548,391/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 46,905,116/- |
| നീക്കിയിരിപ്പ് | 12,643,275/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | 24276 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 814682 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 19516 | വിഷ്ണു. വി.എസ്., അസി. എഞ്ചിനീയർ |
| | | 4760 | ആയിഫാബി. കെ., അസി. എഞ്ചിനീയർ |
| ആകെ | | 24276 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3271 | ദീപ.യു.വി. , കൃഷി ഓഫീസർ |
| 1-16 | 16185 | ജി. തുളസീധരൻ, സെക്രട്ടറി |
| 1-24 | 700748 | വിഷ്ണു. വി.എസ്., അസി. എഞ്ചിനീയർ |
| - | 94478 | ആയിഫാബി. കെ., അസി. എഞ്ചിനീയർ |
| ആകെ | 814682 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 6822 | വിഷ്ണു. വി.എസ്., സെക്രട്ടറി |
| 1-22 | 5272 | വിഷ്ണു. വി.എസ്., അസി. എഞ്ചിനീയർ |
| ആകെ | 12094 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപ.യു.വി. , കൃഷി ഓഫീസർ | കൃഷി ഓഫീസർ, വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് | വരിക്കാശ്ശേരി വീട് , വെങ്കിടങ്ങ്. തൃശ്ശൂർ 680510 |
| ജി. തുളസീധരൻ, സെക്രട്ടറി | സെക്രട്ടറി, അനങ്ങനടി ഗ്രാമപഞ്ചായത്ത് | പുതുവൽ പുത്തൻവീട് സി.വി.ആർ.പുരം ,അറയൂർ, തിരുവനന്തപുരം.122 |
| വിഷ്ണു. വി.എസ്., അസി. എഞ്ചിനീയർ | | വിഷ്ണു നിവാസ്, തമ്മക്കൽ , ആലപ്പുഴ 690548 |
| ആയിഫാബി. കെ., അസി. | അസി. എഞ്ചിനീയർ, | 39/489-ആഷി മൻസിൽ, |

| | | |
|---|---|---|
| എഞ്ചിനീയർ | ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് | നൂറണി. പാലക്കാട്. 678004 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | L.F.P/16/1544/13 /31-3-2014 | 3 |
| 1997-98 | L.F.P/16/1544/13 /31-3-2014 | 5 |
| 1998-99 | L.F.P/16/1544/13 /31-3-2014 | 4 |
| 1999-00 | L.F.P/16/1544/13 /31-3-2014 | 4 |
| 2000-01 | L.F.P/16/1544/13 /31-3-2014 | 3 |
| 2001-02 | L.F.P/16/1544/13 /31-3-2014 | 6 |
| 2002-03 | L.F.P/16/1544/13 /31-3-2014 | 6 |
| 2003-04 | L.F.P/16/1544/13 /31-3-2014 | 7 |
| 2004-05 | L.F.P/16/1544/13 /31-3-2014 | 10 |
| 2005-06 | L.F.P/16/1544/13 /31-3-2014 | 6 |
| 2006-07 | L.F.P/16/311(1)/13 /5-6-2013 | 5 |
| 2007-08 | L.F.P/16/311(2)/13 /5-6-2013 | 6 |
| 2008-09 | L.F.P/16/311(1)/13 /5-6-2013 | 5 |
| 2009-10 | L.F.P/16/1135/13 /14-3-2014 | 7 |

| | | |
|---|---|---|
| 2010-11 | L.F.P/16/1135/13 /14-3-2014 | 6 |
| 2011-12 | L.F.P/16/1968/14 Dt 4-12-2014 | 9 |
| 2012-13<br>2013-14<br>2014-15 | KSA-PKD16/1749/15 Dt.12-2-2016 | 13 |
| 2015-16 | KSA-PKD16/1879/16 Dt.06.01.2016 | 11 |
| 2016-17 | KSA-PKD16/1818/2017 Dt.19-10-17 | 9 |
| 2017-18 | KSA-PKD16/315/2019 Dt.14.03.2019 | 10 |
| 2018-19 | KSA-PKD16/1517/2019 Dt.16.1.2020 | മുഴവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Vallapuzha Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 28049400.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 18676.00 |
| 312000000 | Reserves | B-3 | 30876623.00 |
| | Total Reserve & Surplus | | 58944699.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4309912.00 |
| | Total Grants, Contributions for Specific Purposes | | 4309912.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6374617.00 |
| | Total Loans | | 6374617.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1606961.00 |
| 350000000 | Other Liabilities | B-9 | 1677313.40 |
| | Total Current Liabilities and Provisions | | 3284274.40 |
| | TOTAL LIABILITIES | | 72913503.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63752477.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -12409675.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 51342802.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1541446.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -287420.00 |
| 440000000 | Pre-paid Expenses | B-16 | 6374617.00 |
| 450000000 | Cash and Bank Balance | B-17 | 12643275.00 |
| 460000000 | Loans, Advances and Deposits | B-18 | 1298783.00 |
| | Total Current Assets, Loans and Advances | | -287420.00 |
| | Total Current Assets, Loans and Advances | | 21858121.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 72913503.00 |

| | | | |
|---|---|---|---|
| | Vallapuzha Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5439607.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 889800.00 |
| 140000000 | Fee & User Charges | I-4(b) | 735356.00 |
| 150000000 | Sale & Hire Charges | I-5(b) | 230765.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 69241279.00 |
| 171000000 | Interest Earned | I-8 | 72252.00 |
| 180000000 | Other Income | I-9 | 21732.00 |
| | Total Income | | 76630791.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8000599.00 |
| 220000000 | Administrative Expenses | I-11(b) | 1088726.00 |
| 230000000 | Operations & Maintenance | I-12(b) | 688266.00 |
| 240000000 | Interest & Finance Charges | I-13 | 116177.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2465410.00 |
| 251000000 | Decentralised Plan | I-14(a) | 27600131.00 |

| | | | |
|---|---|---|---|
| | Programme-Service Sector | | |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1832714.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 305949.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 20659700.00 |
| 255000000 | Maintenance Projects | I-14(e) | 4483783.00 |
| 272000000 | Depreciation | I-17(a) | 4251545.00 |
| | Total Expenditure | | 71493000.00 |
| | Gross Surplus/ Deficit of income over Expenditure | | 5137791.00 |
| 280000000 | Prior Period Item | | I-18 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3811237.00 |
| 290000000 | Transfer to Reserve Funds | | I-18(a) |

| | | | |
|---|---|---|---|
| | Vallapuzha Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11408768.00 |
| Cash | Cash | RP-40(a) | 261204.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 8431.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2000.00 |
| 140000000 | Fees & User Charges | RP-4 | 50045.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6014.00 |
| 350000000 | Other Liabilities | RP-36 | 8176.00 |
| | Non Operating | | |
| 350000000 | Other Liabilities | RP-36 | 29156.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 346709.00 |
| | Grand total | | 12120503.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 468647.00 |
| 220000000 | Administrative Expenses | RP-12 | 56111.00 |
| 230000000 | Operations & Maintenance | RP-13 | 39392.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17981.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 646810.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 527754.00 |
| 350000000 | Other Liabilities | RP-36 | 135593.00 |
| 460000000 | Loans, Advances and Deposits | RP-47 | 116340.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10103481.00 |
| Cash | Cash | RP-40(b) | 8394.00 |
| | Grand Total | | 12120503.00 |

ഡെപ്യൂട്ടി ഡയറക്ടർ